(എച്ച്) ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് നാളിതുവരെ സ്വീകരിച്ചിട്ടുള്ളതെന്നു വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 208.

(ബി) 28 പേർ.

(സി) ഹൈക്കോടതി, കീഴ്ക്കോടതി അഡ്വക്കേറ്റ് ജനറലിന്റെ ഓഫീസ്, ഗവ. സെക്രട്ടേറിയറ്റിലെ നിയമ വകുപ്പ് എന്നിവിടങ്ങളിലെ ജീവനക്കാർ, ലോകോളജുകളിലെ ലക്ചറർമാർ എന്നിവർ ഉൾപ്പെടും. കൂടാതെ പബ്ളിക് പ്രോസിക്യൂട്ടർമാരായി ജോലി നോക്കിയിരുന്നവരെയും ട്രാൻസ്ഫർ മുഖേന പ്രമോഷൻ നൽകി നിയമിച്ചിട്ടുണ്ട്.

(ഡി) ഇല്ല.

(ഇ) മറ്റു സംസ്ഥാനങ്ങൾ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടിയുടെ വിശദാംശങ്ങൾ ലഭിച്ചശേഷമേ ആവശ്യമായ നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ.

(എഫ്) ഇതുവരെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ജി) ഇക്കാര്യത്തിൽ നടപടികൾ ഇതിനകം തന്നെ എടുത്തുകഴിഞ്ഞു.

(എച്ച്) മറ്റു സംസ്ഥാനങ്ങളിൽ നിന്നും ഇതുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ ശേഖരിക്കാൻ നടപടികൾ തുടങ്ങിക്കഴിഞ്ഞു. വിശദാംശങ്ങൾ ലഭ്യമായശേഷം ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

മുൻസിഫ്-മജിസ്ട്രേട്ടുമാരുടെ നിയമനം

86[T1561] ശ്രീ. സാജുപോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നീതിന്യായ സർവ്വീസിലേക്ക് മുൻസിഫ്/മജിസ്ട്രേട്ട്മാരെ നിയമിച്ചതിൽ സംവരണതത്വം പൂർണ്ണമായി പാലിച്ചിട്ടുണ്ടോ എന്നു വ്യക്തമാക്കുമോ;

(ബി) നിലവിലുള്ള ലിസ്റ്റിൽ നിന്നും ഇതുവരെ എത്രപേർക്ക് നിയമനം നല്കിയിട്ടുണ്ട് എന്നും ഈ നിയമനത്തിൽ പാലിക്കേണ്ടിയിരുന്നതും പാലിച്ചതുമായ സംവരണ മാനദണ്ഡം എന്തായിരുന്നു എന്നും വ്യക്തമാക്കുമോ;

T മാറ്റിവയ്ക്കപ്പെട്ട ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത നിയമനം സംബന്ധിച്ച് ഏതെങ്കിലും കോടതികളിൽ കേസ് നിലവിലുണ്ടോ; കോടതിയിൽനിന്നും നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ടെങ്കിൽ വിശദവിവരം അറിയിക്കുമോ;

(ഡി) ഇനിയുള്ള നിയമനം പൂർത്തിയാകുമ്പോൾ മുസ്ളിം സമുദായാംഗങ്ങൾക്കു ലഭിക്കേണ്ട സംവരണം ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പൂർണ്ണമായി പാലിച്ചിട്ടുണ്ട്.

(ബി) നിലവിലുള്ള ലിസ്റ്റിൽ നിന്നും ഇതുവരെ അൻപതുപേർക്ക് നിയമനം നല്കിക്കഴിഞ്ഞു. 1958-ലെ കേരള സ്റ്റേറ്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസിലെ 14 മുതൽ 17 വരെയുള്ള ചട്ടങ്ങൾ ഈ നിയമനത്തിൽ പാലിക്കേണ്ടതുണ്ട്. അതു കർശനമായി പാലിച്ചിട്ടുണ്ട്.

(സി, ഡി) ഉണ്ട്. കേരള ഹൈക്കോടതിയിൽ പ്രസ്തുത നിയമനം സംബന്ധിച്ച് കേസ് നിലവിലുണ്ട്. മുൻസിഫ് മജിസ്ട്രേട്ടുമാരുടെ ഇനിയുള്ള നിയമനം നിലവിലുള്ള ഒ.പി. നം. 5219/02-ന്റെ അന്തിമ വിധിക്കു വിധേയമായിട്ടായിരിക്കണം എന്ന ഇടക്കാല ഉത്തരവ് ലഭിച്ചിട്ടുണ്ട്.

ശേഷിക്കുന്ന ഇരുപതുപേരെ ഫ്രീ സർവ്വീസ് ട്രെയിനിംഗിനു വിടാൻ അനുമതി നൽകിക്കൊണ്ട് സർക്കാർ പുറപ്പെടുവിച്ച ഉത്തരവിൽ ഇവരുടെ നിയമനം നിലവിലുള്ള ഒ. പി. നം. 5219/02-ന്റെ അന്തിമവിധിക്കു വിധേയമായിട്ടായിരിക്കും നടത്തുക എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

എം. എ. സി. ടി. കോടതിക്കായി പുതിയ കെട്ടിടം പണിയുന്നതിനുള്ള നടപടി

87 [1562] ശ്രീ. ഇസ്ഹാക്ക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഞ്ചേരി കോടതിവളപ്പിൽ എം. എ. സി. ടി. കോടതിക്കായി പുതിയ കെട്ടിടം പണിയുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) കേന്ദ്ര സർക്കാരിന്റെ അമ്പതു ശതമാനം സഹായമുപയോഗിച്ച് കെട്ടിടം പണിയാൻ പുതുക്കിയ എസ്റ്റിമേറ്റ് ലഭിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly